## പതിനഞ്ചാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## അഞ്ചാമത് റിപ്പോർട്ട്

(2025 മാർച്ച് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി(2016-19)യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

**പതിനഞ്ചാം കേരള നിയമസഭ**

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

**അഞ്ചാമത് റിപ്പോർട്ട്**

(2025 മാർച്ച് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി(2016-19)യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | ... | v |
| ആമുഖം | | ... | viii |
| റിപ്പോർട്ട് | | ... | 1-13 |
| അനുബന്ധം I | സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവിന്റെ പകർപ്പ് | ... | 14 |

## മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

### ഘടന

ചെയർപേഴ്സൺ :-

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.

അംഗങ്ങൾ :-

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ.

ശ്രീ. അഹമ്മദ് ദേവർകോവിൽ, എം.എൽ.എ.

ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.

ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ

ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ഡോ. എൻ. കൃഷ്ണ  കുമാർ., സെക്രട്ടറി

ശ്രീ. വേണുഗോപാൽ ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. ഷീജ പി. കെ., അണ്ടർ സെക്രട്ടറി

# ആമുഖം

പതിനഞ്ചാം കേരള നിയമസഭയിലെ മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി(2023-26)യുടെ അധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ രണ്ടാമത് റിപ്പോർട്ടിലെ 10 ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും ചില മറുപടികളിന്മേൽ സമിതി അധിക വിവരം ആരായുകയും ചെയ്തു. ആയവയിൽ ലഭിച്ച മറുപടികൾ സമിതി അംഗീകരിക്കുകയും ചില മറുപടികളിൽ തുടർന്നും അധിക വിവരം ആരായുകയും ചെയ്തു. പ്രസ്തുത ശിപാർശകളിന്മേലും സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലും വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളും സമിതിയുടെ തുടർശിപാർശകളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 ..മാർച്ച്.......20-ാം...... തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
ചെയർപേഴ്സൺ,
മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി

തിരുവനന്തപുരം,
2025 മാർച്ച്..24.

# <u>റിപ്പോർട്ട്</u>

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 2007-ലെ മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്റ്റിനെ കുറിച്ചുള്ള അറിവ് നമ്മുടെ സമൂഹത്തിലെ എല്ലാ തട്ടിലും എത്തിയിട്ടില്ലെന്ന തിരിച്ചറിവാണ് സമിതിയെ ഈ വിഷയം സംബന്ധിച്ച് പഠിക്കാൻ പ്രേരിപ്പിച്ചത് . ആയതിനാൽ ആക്റ്റിലെ വ്യവസ്ഥകളെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നടത്തുന്നതിനും സാമാന്യജനങ്ങളിൽ നിയമത്തിന്റെ പ്രത്യേകതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും നിയമത്തിൽ അനുശാസിക്കുന്ന പരിരക്ഷ മുതിർന്ന പൗരന്മാർക്ക് ലഭിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് പതിനാലാം കേരള നിയമസഭയിൽ സമിതിയുടെ രണ്ടാമത് റിപ്പോർട്ടായി " മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള നിയമങ്ങളും ചട്ടങ്ങളും - ബോധവത്ക്കരണവും പരസ്യം ചെയ്യലും" എന്ന റിപ്പോർട്ട് സമർപ്പിച്ചത്.

2018 ഡിസംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ 10 ശിപാർശകൾ ഉണ്ടായിരുന്നു . ഖണ്ഡിക 4 ഒഴികെയുള്ള റിപ്പോർട്ടിലെ മറ്റ് 9 ശിപാർശകളിന്മേൽ സാമൂഹ്യനീതി , ആരോഗ്യകുടുംബക്ഷേമം, ഗതാഗതം, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകൾ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള പത്രികകൾ ലഭ്യമായിട്ടുണ്ട് . സമിതിയുടെ 30.05.2019, 16.11.2021, 23.05.2024 തീയതികളിലെ യോഗങ്ങളിൽ അവ സമിതി പരിഗണിച്ച് അംഗീകരിക്കുകയും ഖണ്ഡിക 1, 3, 9 എന്നിവയിൻമേൽ തുടർ ശിപാർശകൾ നൽകുകയും ചെയ്തു.

സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിലെ ഒന്നാം അദ്ധ്യായമായും സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ആയവയ്ക്ക് സമിതി നിർദ്ദേശിച്ച തുടർ ശിപാർശകളും രണ്ടാം അദ്ധ്യായമായും ഉൾക്കൊള്ളിച്ചിരിക്കുന്നു. സമിതി റിപ്പോർട്ടിലെ ശിപാർശ ഖണ്ഡിക 4 ന് ഗതാഗത വകുപ്പ് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സമിതി ശിപാർശയും ആയതിന്മേൽ സമിതിയുടെ തുടർശിപാർശയും ഈ റിപ്പോർട്ടിലെ മൂന്നാം അദ്ധ്യായമായി ചേർത്തിരിക്കുന്നു.

## <u>അദ്ധ്യായം - 1</u>

## <u>സമിതി ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടുകളും സമിതി അംഗീകരിച്ചത്.</u>

### <u>ശിപാർശ 2</u>

2007-ലെ മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പാരന്റ്സ് ആന്റ്

സീനിയർ സിറ്റിസൺസ് ആക്റ്റിലെ അദ്ധ്യായം **8**, ചട്ടം **21 (2)** പ്രകാരം പൊതു മാധ്യമങ്ങളായ ടെലിവിഷൻ, റേഡിയോ, പത്രം എന്നിവയിലൂടെ കൃത്യമായ ഇടവേളകളിൽ പ്രസ്തുത നിയമം സംബന്ധിച്ച് പരസ്യങ്ങൾ പ്രസിദ്ധീകരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർ സംരക്ഷിക്കപ്പെടേണ്ടത് അവരുടെ അവകാശമാണ് . മകനും മകളും പേരക്കുട്ടികളുമെല്ലാം ഈ നിയമത്തിന്റെ പരിധിയിൽ വരും . മുതിർന്ന പൗരന്മാർക്ക് ആഹാരം, വസ്ത്രം, താമസ സൗകര്യം, ചികിത്സ എന്നിവ ലഭ്യമാക്കിയില്ലെങ്കിൽ ഇതു സംബന്ധിച്ച പരാതി മെയിന്റനൻസ് ട്രൈബ്യൂണൽ മുഖേന സമർപ്പിക്കാവുന്നതാണ് എന്ന വിവരവും ഈ നിയമം ലംഘിക്കുകയാണെങ്കിൽ ലഭിച്ചേക്കാവുന്ന ശിക്ഷയും അറിയിക്കുന്നതിന് ഇതു സംബന്ധിച്ച വിവരം ദൃശ്യ -ശ്രാവ്യ മാധ്യമങ്ങളിലൂടെ ആഴ്ചയിൽ മൂന്നു ദിവസമെങ്കിലും പരസ്യം നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി</u>**

(സാമൂഹ്യനീതി (സി) വകുപ്പിന്റെ **30.05.2019**-ലെ സി**2/26**/സാ.നീ.വ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സംരക്ഷണം നൽകിയില്ലെങ്കിൽ മെയിന്റനൻസ് ട്രൈബ്യൂണലിന് പരാതി സമർപ്പിക്കാവുന്നതാണ് എന്ന വിവരവും നിയമം ലംഘിക്കുകയാണെങ്കിൽ ലഭിച്ചേയ്ക്കാവുന്ന ശിക്ഷയും സംബന്ധിച്ച അവബോധം പൊതു സമൂഹത്തിലേക്ക് എത്തിക്കുന്നതിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പരസ്യം നൽകുന്നതിനുള്ള നടപടി നടപ്പ് സാമ്പത്തിക വർഷം മുതൽ സ്വീകരിക്കുന്നതാണെന്ന വിവരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സമിതിയുടെ **16.11.2021**-ലെ യോഗത്തിൽ അംഗീകരിച്ചു)

**<u>ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി</u>**

(ആരോഗ്യകുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പിന്റെ **26.04.2022**-ലെ **HEALTH-FW2/169/2020-HEALTH** നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

സീനിയർ സിറ്റിസൺ ഫോറവുമായി സഹകരിച്ചു കൊണ്ട് നടത്തുന്ന പരിപാടികളിലൂടെ മുതിർന്ന പൗരന്മാർക്കുള്ള നിയമ പരിരക്ഷയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനുള്ള നിർദേശങ്ങൾ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും മുതിർന്ന പൗരന്മാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികളിലെല്ലാം നിയമപരിരക്ഷയെക്കുറിച്ചുള്ള ക്ലാസുകൾ ഉൾപ്പെടുത്തുന്നതിന് ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട് ജില്ലകളിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ചുകൊണ്ട് പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവത്കരണം നടത്താനും ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സമിതിയുടെ 23.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു)

## ശിപാർശ 5, 6

സംവരണ സീറ്റുകൾ അർഹതപ്പെട്ടവർക്ക് ലഭിക്കുവാൻ മുൻകൈയെടുക്കാത്ത ബസ്സ് കണ്ടക്ടർമാക്കെതിരെ പരാതി ലഭിക്കുകയാണെങ്കിൽ അവർക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സംവരണ സീറ്റുകൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കേണ്ട ഉത്തരവാദിത്തം കണ്ടക്ടർമാരുടേതാണെന്നും ഈ സഹായം ഇവരിൽ നിന്നും ലഭിച്ചില്ലെങ്കിൽ പരാതി സമർപ്പിക്കേണ്ട രീതി എല്ലാ ബസ്സുകളിലും എഴുതി പ്രദർശിപ്പിക്കണമെന്നും പ്രസ്തുത സൗകര്യം കൂടുതൽ ഫലവത്താകുന്നതിന് കണ്ടക്ടർമാരുടെ പേരു വിവരവും സീരിയൽ കോഡും വെളിപ്പെടുത്തുന്ന ബാഡ്ജ് നൽകുന്നതിനും അവ നിർബന്ധമായും ധരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി

(ഗതാഗത (ബി) വകുപ്പിന്റെ 25.05.2019-ലെ ബി1/26/2019/ഗതാ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

കെ.എസ്.ആർ.ടി.സി.യുടെ ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് , ഓർഡിനറി സ്റ്റേജ് ക്യാരേജ് സർവീസുകളിൽ മുതിർന്ന പൗരന്മാർക്കായി 20% സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ആയതിൽ 10% പുരുഷൻമാർക്കും 10% സ്ത്രീകൾക്കും ഉറപ്പു വരുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത സീറ്റുകൾ അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി കണ്ടക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുള്ളതാണ്. വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ വ്യക്തിപരമായ പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് അന്വേഷണം നടത്തി അച്ചടക്ക നടപടി സ്വീകരിക്കാറുമുള്ളതാണ്. കൂടാതെ പരാതി സമർപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നമ്പർ എല്ലാ ബസുകളുടെയും ഉൾഭാഗത്തു വാതിലിനു മുകളിലായി വ്യക്തമായി എഴുതി പ്രദർശിപ്പിച്ചിട്ടുള്ളതാണ്. മുതിർന്ന പൗരന്മാർക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റുകൾ അവർക്കു ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി വാഹന പരിശോധനകൾ നടത്തി ബസ് ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നും , നിരവധി ബസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതും, കണ്ടക്ടർമാരുടെ ലൈസൻസ് സസ്പെൻഷൻ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ ബസുകളിൽ സീറ്റ് റിസർവേഷൻ സ്റ്റിക്കറുകൾ പതിപ്പിക്കുകയും മുതിർന്ന പൗരന്മാർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ആയതു മലയാളത്തിൽ പ്രദർശിപ്പിക്കുന്നതിനും അർഹതപ്പെട്ടവർക്ക് അത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും ബസ് ജീവനക്കാർക്കും ബസുടമകൾക്കും കർശന നിർദേശം നൽകിയിട്ടുണ്ട്. വയോജനങ്ങൾക്ക് നിയമാനുസൃതവും മനുഷ്യത്വപരവുമായ എല്ലാ സംരക്ഷണങ്ങളും

പൂർണ്ണതോതിൽ ഉറപ്പു വരുത്തുന്നതിന് നിരന്തര പരിശോധനകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുകയും നിയമ നടപടിക്ക് വിധേയരായ ഡ്രൈവർമാരെയും കണ്ടക്ടർമാരെയും **IDTR**-ൽ പരിശീലനത്തിന് വിധേയരാക്കിയിട്ടുമുണ്ട്. കൂടാതെ ഷാഡോ സ്ക്വാഡുകളെകൂടി ഉൾപ്പെടുത്തി ഊർജിതമായി പരിശോധനകൾ നടത്തി വരുന്നുമുണ്ട്.

(സമിതിയുടെ **16.11.2021**- ലെ യോഗത്തിൽ അംഗീകരിച്ചു)

**ശിപാർശ 7**

വയോജനങ്ങൾക്ക് പ്രയോജനപ്രദമായ ധാരാളം ക്രിയാത്മക പദ്ധതികൾ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ വയോജനങ്ങളിലും എത്തിക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾ വഴി പദ്ധതിയുടെ വിശദാംശങ്ങൾ പരസ്യം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

(തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പിന്റെ **13.06.2020**-ലെ ഐ .എ **1/184/2019**/തസ്വഭവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

വയോജനങ്ങൾക്ക് വിവിധ സേവനങ്ങളും പിന്തുണയും നൽകുന്നതിലേക്കായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള വയോജന അയൽക്കൂട്ടങ്ങളുടെ യോഗങ്ങൾ മുഖേന വയോജനങ്ങൾക്ക് പ്രയോജനപ്രദമായ കേന്ദ്ര-സംസ്ഥാന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകി വരുന്നുണ്ട്. വയോജനങ്ങൾക്ക് പ്രത്യേകമായി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന കുടുംബശ്രീ സ്കൂൾ പദ്ധതിയിൽ പരമാവധി കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഉൾപ്പെടുത്തുന്നതാണ്. കോവിഡ്-**19**-ന്റെ പശ്ചാത്തലത്തിൽ കുടുംബശ്രീ സംവിധാനത്തെ ഒരു മൊബൈൽ ശൃംഖലയിൽ ഉൾപ്പെടുത്തി പ്രാദേശികമായിട്ടുള്ള വയോജനങ്ങളുടെ ക്ഷേമം അന്വേഷിക്കുവാനും ആവശ്യമുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരാനും വേണ്ടിയുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(സമിതിയുടെ **16.11.2021**- ലെ യോഗത്തിൽ അംഗീകരിച്ചു)

**ശിപാർശ - 8**

മുതിർന്ന പൗരന്മാർ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ നൽകുന്ന പരാതികൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനും അതിന് അവർക്ക് മതിയായ നിയമസഹായം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി**

(സാമൂഹ്യനീതി (സി) വകുപ്പിന്റെ **30/05/2019**-ലെ സി**2/26/2019**/സാനീവ നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)

മുതിർന്ന പൗരന്മാർ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ നൽകുന്ന പരാതികളിന്മേലുള്ള അന്വേഷണ വിചാരണ നടപടികൾ വേഗത്തിൽ തീർത്ത് പരാതികളിന്മേൽ കാലതാമസം വരാതെ തീർപ്പു കല്പിയ്ക്കുന്നതിന് ട്രൈബ്യൂണലിനെ സഹായിക്കാൻ ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാനത്തെ 27 മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ വകുപ്പ് മുഖാന്തരം നിയമിച്ചിട്ടുണ്ട്. പരാതിക്കാരായ വയോജനങ്ങൾക്ക് പരമാവധി നീതി ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ടെക്നിക്കൽ അസിസ്റ്റന്റുമാർ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി വഴിയും വയോജനങ്ങൾക്ക് ആവശ്യമായ നിയമ സഹായം ലഭ്യമായി വരുന്നുണ്ട്.

(സമിതിയുടെ 16.11.2021- ലെ യോഗത്തിൽ അംഗീകരിച്ചു)

## ശിപാർശ - 10

പല സ്വകാര്യ വൃദ്ധസദനങ്ങളും ചൂഷണ കേന്ദ്രങ്ങളായാണ് പ്രവർത്തിക്കുന്നത്. അന്തേവാസികളിൽ നിന്നും കനത്ത തുക ഫീസായി വാങ്ങുകയും എന്നാൽ അവർക്കായി സംതൃപ്തമായ ജീവിത സാഹചര്യം സൃഷ്ടിക്കുന്നതിനും നല്ല ഭക്ഷണം, വൈദ്യസഹായം, വിനോദോപാധികൾ എന്നിവ നൽകുന്നതിനും വിമുഖത കാണിക്കുന്നതായും നിരവധി പരാതികൾ സമിതിക്ക് ലഭിക്കുന്നുണ്ട്. ആയതിനാൽ, സ്വകാര്യ വൃദ്ധസദനങ്ങളിൽ നടക്കുന്ന ഇത്തരം ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി വൃദ്ധജനങ്ങളുടെ രജിസ്ട്രേഷൻ, നിരീക്ഷണം അവ നൽകുന്ന സേവനങ്ങളുടെ കാലാകാലങ്ങളിലുള്ള പരിശോധന , ഈടാക്കാവുന്ന ഫീസിന്റെ നിർണ്ണയത്തിലുള്ള ഏകോപനം തുടങ്ങി എല്ലാക്കാര്യങ്ങളിലും സമഗ്രമായി ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം തന്നെ സർക്കാർ തലത്തിൽ കൂടുതൽ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് നടപടിയെടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. വൃദ്ധജനങ്ങളെ പരിപാലിക്കാത്ത മക്കൾക്കും ബന്ധുക്കൾക്കുമെതിരെ നിയമം അനുശാസിക്കുന്ന തരത്തിലുള്ള ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും , വൃദ്ധജനങ്ങളുടെ പരാതി ലഭിച്ചാൽ അതിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നടത്തുന്ന അന്വേഷണം വസ്തുനിഷ്ഠവും യാഥാർത്ഥ്യബോധത്തോടുകൂടിയതുമായിരിക്കണമെന്നും, പരാതി നൽകുന്ന വൃദ്ധരുടെ നിസ്സഹായാവസ്ഥയ്ക്ക് മുൻഗണന നൽകി സ്വാധീനങ്ങൾക്കോ, മുൻവിധികൾക്കോ പരിഗണന നൽകാത്തതരത്തിൽ നീതി നടപ്പാക്കുന്നതിന് സത്വര ശ്രദ്ധ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 30/05/2019-ലെ സി2/26/2019/സാനീവ നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)

വൃദ്ധസദനങ്ങളിലെ വൃദ്ധജനങ്ങളുടെ രജിസ്ട്രേഷൻ, നിരീക്ഷണം എന്നിവ മോണിറ്ററിംഗ് ചെയ്യുന്നതിനായി 25/3/2019-ലെ സ.ഉ. (സാധാ) നം .170/2019/ സാ.നീ.വ. (അനുബന്ധം-I) പ്രകാരം സർക്കാർ വൃദ്ധസദനങ്ങൾ ഉൾപ്പെടെ

കേരളത്തിലെ എല്ലാ വൃദ്ധസദനങ്ങൾക്കും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വൃദ്ധജനങ്ങളെ പരിപാലിക്കാത്ത മക്കൾക്കും ബന്ധുക്കൾക്കുമെതിരെ നിയമം അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം വയോജനങ്ങളുടെ പരാതികളിന്മേൽ അനുകമ്പാപൂർണ്ണമായ നടപടികളാണ് വകുപ്പും വകുപ്പിനെ പ്രതിനിധാനം ചെയ്യുന്ന മറ്റ് സ്ഥാപനങ്ങളും ചെയ്തു വരുന്നതെന്ന വിവരവും അറിയിക്കുന്നു.

(സമിതിയുടെ **16.11.2021**-ലെ യോഗത്തിൽ അംഗീകരിച്ചു)

## <u>ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി</u>

(ആഭ്യന്തര വകുപ്പിന്റെ **23.08.2022**-ലെ ജി**2/220/2019**/ആഭ്യന്തരം നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)

ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലുമുള്ള വൃദ്ധസദനങ്ങൾ സന്ദർശിച്ച് ആവശ്യമായ സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നതിന് എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ജനമൈത്രി പദ്ധതി മുഖേനയും സീനിയർ സിറ്റിസൺ ബീറ്റ് ഓഫീസർമാരാലും മുതിർന്ന പൗരൻമാരുടെ വീടുകൾ സന്ദർശിക്കുകയും അവർക്ക് വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നൽകിവരികയും ചെയ്യുന്നുണ്ട്.

മുതിർന്ന പൗരൻമാരുടെ പരാതികൾ പരിഹരിക്കുന്നതിനും , അവർക്ക് വേണ്ട സേവനങ്ങൾ ചെയ്തുകൊടുക്കുന്നതിനും വിവധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച്, കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടത്തിവരുന്നതും, കൂടാതെ മുതിർന്ന പൗരന്മാർക്ക് **24** മണിക്കൂറും സേവനങ്ങൾക്കായി ബന്ധപ്പെടുവാൻ ടോൾ ഫ്രീ സംവിധാനവും ഹെൽപ്പ് ഡെസ്കും ഏർപ്പെടുത്തിയിട്ടുള്ളതുമാകുന്നു. മുതിർന്ന പൗരൻമാർക്ക് എതിരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്താൽ പോലീസ് അടിയന്തരമായി ഇടപെട്ട് അവ പരിഹരിക്കുന്നതിനും, ആയത് പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നു.

മുതിർന്ന പൗരൻമാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതോടൊപ്പം അവരുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് തുടങ്ങിയ മറ്റ് വകുപ്പുകളുടെ സഹകരണത്തോടു കൂടി ജനമൈത്രി പോലീസ് ക്രിയാത്മകമായി പ്രവർത്തിച്ചു വരുന്നു. നിർദ്ധനരും നിരാലംബരുമായ മുതിർന്ന പൗരൻമാരെ വൃദ്ധസദനങ്ങളിലും മറ്റ് ആശ്രയ കേന്ദ്രങ്ങളിലും എത്തിക്കുന്നതിനും, അർഹരായവർക്ക് പെൻഷനും മറ്റും ലഭിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വൃദ്ധസദനങ്ങളിൽ വയോജനങ്ങളെ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കർശന നിർദ്ദേശം നല്കിയിട്ടുള്ളതാണ്. വയോജന നിയമം **2007**-ന്റെ സംസ്ഥാന ചട്ടത്തിൽ അധ്യായം **6**-ൽ പോലീസ് വകുപ്പ് സ്വീകരിക്കേണ്ട ചുമതലകൾ കർശനമായി നടപ്പിലാക്കുന്നതിനും, വൃദ്ധജനങ്ങളെ പരിപാലിക്കാത്ത മക്കൾക്കെതിരെ നിയമം അനുശാസിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കാനും , മുതിർന്ന പൗരൻ

മാരുടെ പരാതി ലഭിക്കുന്ന പക്ഷം താമസംവിനാ ശക്തമായ നിയമനടപടികൾ കൈക്കൊള്ളാനും, എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ സാമൂഹിക നീതി വകുപ്പിന്റെ കീഴിലുള്ള **Board of Center of Orphanages & Charitable Institution, Kerala Registration for Psycho Social Rehabilitation Centre 2012** എന്നിവ പ്രകാരമുള്ള രജിസ്ട്രേഷൻ ഉപയോഗിച്ചാണ് വൃദ്ധസദനങ്ങൾക്ക് പ്രവർത്തനാനുമതി നൽകിവരുന്നത്.

സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ഇടയ്ക്കിടെ വൃദ്ധസദനങ്ങൾ സന്ദർശിച്ച്, അന്തേവാസികളെ പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്നും , പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പരിചരണം കൂടി ലഭ്യമാകുന്നതും , സാമൂഹ്യക്ഷേമ വകുപ്പിന്റെ മേൽനോട്ടം ടി സ്ഥാപനങ്ങളിൽ ഉണ്ടാകുന്നതും വൃദ്ധസദനങ്ങളിൽ അന്തേവാസികളുടെ എണ്ണത്തിന് അനുസരിച്ച് ഭക്ഷ്യവസ്തുക്കൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ തുടങ്ങുന്നത് ഉചിതമായിരിക്കുമെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പരിശോധിച്ചു നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ/സാമൂഹ്യനീതി വകുപ്പുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സമിതിയുടെ **23.05.2024**-ലെ യോഗത്തിൽ അംഗീകരിച്ചു.)

## അദ്ധ്യായം 2

## സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും സമിതിയുടെ തുടർശിപാർശകളും.

### ശിപാർശ - 1

മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി രൂപം കൊണ്ട നിരവധി സംഘടനകൾ കേരളത്തിലെ എല്ലാ ജില്ലകളിലും ഉണ്ടെങ്കിലും ഇവരുടെ പ്രവർത്തന അജണ്ടയിൽ **2007**-ലെ മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് സംബന്ധിച്ച ബോധവത്ക്കരണം ഒരു വിഷയമായിട്ടില്ല. ഈ സാഹചര്യത്തിൽ സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പ്രൊമോട്ടർമാരെ നിയോഗിക്കണമെന്നും മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള സംഘടനകൾ വഴി വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

(സാമൂഹ്യനീതി (സി) വകുപ്പിന്റെ **30.05.2019**-ലെ സി**2/26/2019**/സാനീവ നമ്പർ കത്തു മുഖേന ലഭിച്ച മറുപടി.)

**MWPSC ACT–2007**-ന്റെ ഫലപ്രദമായ നിർവ്വഹണത്തിനും പൊതുജനങ്ങൾക്കിടയിൽ ആക്ട് , ചട്ടങ്ങൾ, വിവിധ വയോജനക്ഷേമ പദ്ധതികൾ എന്നിവ സംബന്ധിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ, അലോപ്പതി, ഹോമിയോപ്പതി,

ആയുർവേദം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക എന്നിവ നിർവഹിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന് കീഴിൽ എല്ലാ മെയിന്റനൻസ് ട്രൈബ്യൂണൽ തലത്തിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ പ്രൊമോട്ടർമാരായി **2017-18** വർഷം മുതൽ വകുപ്പ് നിയമിച്ചിട്ടുണ്ട്. പ്രസ്തുത ടെക്നിക്കൽ അസിസ്റ്റന്റുമാർ പ്രസ്തുത പ്രവർത്തനം വളരെ മികച്ച രീതിയിൽ നിർവഹിച്ചു വരുന്നുണ്ട്. കൂടാതെ, സ്കൂൾ/കോളേജ് തലങ്ങളിലും, മറ്റ് ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും വകുപ്പ് നേരിട്ട് വിപുലമായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

(സമിതിയുടെ **16.11.2021**-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരാകുകയും ചെയ്തു)

## തുടർ ശിപാർശ

മുതിർന്ന പൗരന്മാരെ പരിപാലിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ സ്കൂൾ / കോളേജ് തലങ്ങളിൽ തന്നെ ആരംഭിക്കണമെന്ന അഭിപ്രായം സമിതിക്കുണ്ട് . ആയതിനാൽ മുതിർന്ന പൗരന്മാരെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ച് സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ ഒരു ദിവസം ക്ലാസ് സമയം കഴിഞ്ഞ് അര മണിക്കൂർ ബോധവൽക്കരണ ക്ലാസ് നൽകുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സാമൂഹ്യനീതി വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ -2

**2007**-ലെ മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്റ്റിലെ അദ്ധ്യായം **8**, ചട്ടം **21 (2)** പ്രകാരം പൊതു മാധ്യമങ്ങളായ ടെലിവിഷൻ, റേഡിയോ, പത്രം എന്നിവയിലൂടെ കൃത്യമായ ഇടവേളകളിൽ പ്രസ്തുത നിയമം സംബന്ധിച്ച് പരസ്യങ്ങൾ പ്രസിദ്ധീകരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർ സംരക്ഷിക്കപ്പെടേണ്ടത് അവരുടെ അവകാശമാണ് . മകനും മകളും പേരക്കുട്ടികളുമെല്ലാം ഈ നിയമത്തിന്റെ പരിധിയിൽ വരും . മുതിർന്ന പൗരന്മാർക്ക് ആഹാരം, വസ്ത്രം, താമസ സൗകര്യം, ചികിത്സ എന്നിവ ലഭ്യമാക്കിയില്ലെങ്കിൽ ഇതു സംബന്ധിച്ച പരാതി മെയിന്റനൻസ് ട്രൈബ്യൂണൽ മുഖേന സമർപ്പിക്കാവുന്നതാണ് എന്ന വിവരവും ഈ നിയമം ലംഘിക്കുകയാണെങ്കിൽ ലഭിച്ചേക്കാവുന്ന ശിക്ഷയും അറിയിക്കുന്നതിന് ഇതു സംബന്ധിച്ച വിവരം ദൃശ്യ -ശ്രവ്യ മാധ്യമങ്ങളിലൂടെ ആഴ്ചയിൽ മൂന്നു ദിവസമെങ്കിലും പരസ്യം നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## തുടർ ശിപാർശ

മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സംരക്ഷണം ലഭ്യമാകാത്ത സാഹചര്യത്തിൽ അവർക്കു മെയിന്റനൻസ് ട്രൈബ്യൂണലിനെ സമീപിക്കുന്നതിനും **2007**-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും നിയമ പ്രകാരം ലഭ്യമാക്കാവുന്ന

സേവനങ്ങളെക്കുറിച്ചും നീതി നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ ലഭിച്ചേക്കാവുന്ന ശിക്ഷകളെക്കുറിച്ചും കൃത്യമായ പ്രചരണം നടത്തപ്പെടുന്നുണ്ടെന്ന് സാമൂഹ്യനീതി വകുപ്പ് ഉറപ്പു വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ –3**

വാർദ്ധക്യം രോഗങ്ങളുടെ കാലം കൂടിയാണ്. ജീവിത ദൈർഘ്യം കൂടിയതോടെ രോഗാതുരതയും വർദ്ധിച്ചു. ഈ സാഹചര്യത്തിൽ ആശുപത്രികളിൽ ജറിയാട്രിക് സേവനങ്ങൾക്കായി നിരവധി പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. ഈ സേവനങ്ങളെക്കുറിച്ച് വയോജനങ്ങളെ ബോധവാൻമാരാക്കുന്നതിന് ആശുപത്രികളിൽ മുതിർന്ന പൗരന്മാർക്ക് ലഭിക്കുന്ന സൗജന്യ ചികിത്സകൾ , ജറിയാട്രിക് സേവനങ്ങൾ, പ്രത്യേക ക്യൂ സംവിധാനം തുടങ്ങിയവ സംബന്ധിച്ച് എല്ലാ ആശുപത്രികളിലും പരസ്യ ബോർഡുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

(ആരോഗ്യകുടുംബക്ഷേമ (എഫ്.ഡബ്യൂ) വകുപ്പിന്റെ **03.11.2020**-ലെ **HEALTH-FW2/177/2019-HEALTH** നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

ജെറിയാട്രിക് സേവനങ്ങളെക്കുറിച്ച് വയോജനങ്ങളെ ബോധവാന്മാരാക്കുന്നതിനു വേണ്ടി എല്ലാ ആശുപത്രികളിലും പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർ എല്ലാ ജില്ലകളിലെയും ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിലുള്ള **National Programme for Health Care of the Elderly (NPHCE)** പദ്ധതി പ്രകാരവും ആരോഗ്യ വകുപ്പിന്റെ വയോജന ആരോഗ്യ പദ്ധതി പ്രകാരവും സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ ആർദ്രം പദ്ധതിയിൽ എല്ലാ ആശുപത്രികളെയും വയോജന സൗഹൃദമാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നുണ്ട്. മുതിർന്ന പൗരന്മാർക്ക് ജറിയാട്രിക് വാർഡുകളിൽ പ്രത്യേക ഒ.പി. സംവിധാനം നൽകി വരുന്നുണ്ട്. കൂടാതെ മറ്റ് ആശുപത്രികളിലും മുതിർന്ന പൗരന്മാർക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്. ജെറിയാട്രിക് വാർഡുകളിൽ പ്രത്യേക കിടക്ക സംവിധാനവും നടപ്പിലാക്കി വരുന്നുണ്ട്.

(സമിതിയുടെ **16.11.2021**-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരാകുകയും ചെയ്തു)

**ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

(ആരോഗ്യകുടുംബക്ഷേമ (എഫ്.ഡബ്യൂ) വകുപ്പിന്റെ **26.04.2022**-ലെ **HEALTH-FW2/169/2020-HEALTH** നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ

മേന്മകളെക്കുറിച്ചും മുതിർന്ന പൗരന്മാർക്ക് ലഭിക്കുന്ന സൗജന്യ ചികിത്സകൾ , ജെറിയാട്രിക് സേവനങ്ങൾ എന്നിവയെക്കുറിച്ചും വയോജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എല്ലാ സാമ്പത്തിക വർഷവും പ്ലാൻ ഫണ്ട് (മുതിർന്ന പൗരന്മാരുടെ ആരോഗ്യത്തിനും ക്ഷേമത്തിനുമായി വകയിരുത്തിയത് ) വിനിയോഗിച്ച് പ്രധാന ആശുപത്രികളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇത് കൂടാതെ സാമൂഹ്യ , പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും വിശേഷിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും നാഷണൽ ഹെൽത്ത് മിഷൻ ഫണ്ടുപയോഗിച്ചും ലഭ്യമായ മറ്റ് ഫണ്ടുപയോഗിച്ചും സ്പോൺസർഷിപ്പ് മുഖേനയും മുതിർന്ന പൗരന്മാർക്കുള്ള സേവനങ്ങൾ സംബന്ധിച്ചുള്ള പരസ്യ ബോർഡുകൾ തയ്യാറാക്കി പ്രദർശിപ്പിച്ച് വരുന്നുണ്ട്.

(സമിതിയുടെ **23.05.2024**-ലെ യോഗത്തിൽ അംഗീകരിച്ചു)

## തുടർ ശിപാർശ

ജെറിയാട്രിക് സംവിധാനം നിലവിൽ ഏതു തലംവരെയുള്ള സർക്കാർ ആശുപത്രികളിലാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് സംബന്ധിച്ച റിപ്പോർട്ടും ജനറൽ, താലൂക്ക് ആശുപത്രി തലം വരെ ജെറിയാട്രിക് വാർഡുകൾ ഏർപ്പെടുത്തുന്നതിന് കഴിയുമോ എന്നതു പരിശോധിച്ച് അത് സംബന്ധിച്ച റിപ്പോർട്ടും സമിതിക്കു അടിയന്തരമായി ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## ശിപാർശ- 9

അച്ഛനമ്മമാരിൽ നിന്നും സ്വത്തുക്കൾ എഴുതി വാങ്ങിയതിനുശേഷം അവരെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്നതും , വൃദ്ധസദനങ്ങളിലാക്കുന്നതുമായ പ്രവണത വർദ്ധിച്ചു വരുന്നു. സ്വത്ത് തിരികെ ലഭിക്കുന്നതിനുവേണ്ടി പരാതി നൽകുന്ന സമയത്ത് അനാവശ്യമായ കാലതാമസവും വ്യവഹാരങ്ങളിലെ സങ്കീർ ണ്ണതകളും നീതി നടപ്പാക്കുന്നതിന് വിഘാതമായി നിൽക്കുന്നു. പല വൃദ്ധരും ഇക്കാലയളവിനുള്ളിൽ മരണപ്പെട്ടു പോകുന്നതായും കണ്ടുവരുന്നുണ്ട്. ഇത് നീതി നിഷേധമാണ്. ആയതിനാൽ ഇത്തരം കാര്യങ്ങളിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി

(സാമൂഹ്യനീതി(സി) വകുപ്പിന്റെ **30.05.2019**-ലെ സി**2/26/2019**-സാനീവ നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)

മാതാപിതാക്കളെ സംരക്ഷിക്കാത്ത സാഹചര്യത്തിൽ സ്വത്ത് തിരികെ ലഭിക്കുന്നതിനു വേണ്ടി പരാതി നൽകുന്ന സമയത്ത്, അതുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളിൽ ചില അവസരങ്ങളിൽ കാലതാമസം വരുന്നുണ്ട്. കൂടാതെ മാതാപിതാക്കളെ മക്കൾ സംരക്ഷിയ്ക്കാത്ത സാഹചര്യം വർദ്ധിച്ചു വരുന്നതിനാൽ മാതാപിതാക്കൾക്ക് അവരുടെ സ്വത്തുവകകൾ ഒരു ദേശസാൽകൃത ബാങ്കിന് പണയപ്പെടുത്തികൊണ്ട് മാസാമാസം ജീവിതചെലവിനുള്ള തുക കണ്ടെത്താവുന്ന 'റിവേഴ്സ് മോർട്ട്ഗേജ്' പദ്ധതിയെക്കുറിച്ച് ടെക്നിക്കൽ

അസിസ്റ്റന്റുമാർ മുഖാന്തരം ആവശ്യമായ പ്രചാരണം നൽകി വരികയും റിവേഴ്സ് മോർട്ട്ഗേജ് പദ്ധതി പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്ന **State Bankers Committee** മീറ്റിംഗിൽ ചർച്ച ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി

(റവന്യു (ജി) വകുപ്പിന്റെ **22.02.2021**-ലെ **REV-G2/268/2019-REV** നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച് സമിതി **(2016-19)** യുടെ രണ്ടാമത്തെ റിപ്പോർട്ടിലെ ഒൻപതാം നമ്പർ ശിപാർശയിൽ അച്ഛനമ്മമാരിൽ നിന്നും സ്വത്തുക്കൾ എഴുതി വാങ്ങിയ ശേഷം അവരെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്നതും, വൃദ്ധ സദനങ്ങളിൽ ആക്കുന്നതുമായ പ്രവണത വർധിച്ചു വരുന്നതും, സ്വത്ത് തിരികെ ലഭിക്കുന്നതിന് വേണ്ടി പരാതി നൽകുന്ന സമയത്ത് അനാവശ്യമായ കാലതാമസവും, വ്യവഹാരങ്ങളിലെ സങ്കീർണതകളും നീതി നടപ്പാക്കുന്നതിന് വിഘാതമായി നിൽക്കുന്നതായും, പല വൃദ്ധരും ഇക്കാലയളവിനുള്ളിൽ മരണപെട്ടുപോകുന്നതായി കണ്ടു വരുന്നതായും നിരീക്ഷിച്ച സമിതി ആയതു നീതി നിഷേധമാണെന്നും, ഇത്തരം കാര്യങ്ങളിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി. പ്രസ്തുത ശിപാർശയിന്മേൽ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെ സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം **2007** പ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ നിയമത്തിൽ പറയുന്ന **90** ദിവസത്തെ പരിധി കാത്ത് നിൽക്കാതെ പരമാവധി അപേക്ഷകളിൽ നടപടി പൂർത്തീകരിച്ച് തീരുമാനം കൈക്കൊണ്ടു വരുന്നു. കൂടാതെ ജീവനാംശവും സംരക്ഷണവും ആവശ്യമായി വരുന്ന പരാതികളിന്മേൽ കാലതാമസം ഒഴിവാക്കി അടിയന്തരമായി ലഭ്യമാക്കാവുന്ന എല്ലാ സഹായങ്ങളും നൽകി വരുന്നു. മുതിർന്ന പൗരന്മാരുടെ സ്വത്ത് തിരികെ ലഭിക്കുന്നതിന് വേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ "മുതിർന്ന പൗരന്മാരുടെ സംരക്ഷണവും ക്ഷേമം സംബന്ധിച്ച നിയമം **2007** സെക്ഷൻ **23 (1)**-ആക്ട് അനുവദിച്ചതിന് ശേഷം കൈമാറ്റം കിട്ടിയ ആൾ അങ്ങനെയുള്ള അടിസ്ഥാന സുഖസൗകര്യങ്ങളും അടിസ്ഥാന ഭൗതികാവശ്യങ്ങളും നൽകികൊള്ളാമെന്ന വ്യവസ്ഥയിന്മേൽ ഏതെങ്കിലും മുതിർന്ന പൗരൻ അയാളുടെ സ്വത്ത് സമ്മാനമായോ മറ്റ് വിധത്തിലോ കൈമാറ്റം ചെയ്യുകയും അങ്ങനെ കൈമാറ്റം കിട്ടിയ ആൾ അങ്ങനെയുള്ള സുഖ സൗകര്യങ്ങളും, ഭൗതിക ആവശ്യങ്ങളും നൽകുന്നത് നിരസിക്കുകയോ, അതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ പ്രസ്തുത സ്വത്ത് കൈമാറ്റം വഞ്ചനാ പൂർവ്വമാവുകയോ ഭീഷണി മൂലമോ അനുചിതമായ സ്വാധീനത്തിലോ ഉണ്ടാക്കിയതായി കരുതപ്പെടുകയും കൈമാറ്റം നൽകിയ ആളുടെ ഇച്ഛയനുസരിച്ച് ട്രൈബ്യൂണലിന് അസാധുവായി പ്രഖ്യാപിക്കുകയും ചെയ്യാവുന്നതാണ്" എന്നത് പ്രകാരം ട്രൈബ്യൂണലുകൾ പ്രവർത്തിച്ച് വരുന്നു.

മുതിർന്ന പൗരന്മാരെ മക്കളുടെ സംരക്ഷണത്തിൽ കഴിയുന്നതിനും മാതാപിതാക്കളും മക്കളും വേർപിരിയാതെ ഉചിതമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും മാതാപിതാക്കളെ സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കിപ്പിക്കുന്നതിനും ട്രൈബ്യൂണലുകൾ വ്യക്തമായ ഇടപെടലുകൾ നടത്തിവരുന്നു. മെയിന്റനൻസ് കേസുകളുടെ ബാഹുല്യം കണക്കിലെടുത്ത് വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയും നിയമ നടപടികൾ വേഗത്തിൽ സ്വീകരിച്ച് അർഹമായ നീതി പരാതികക്ഷികളിലേക്ക് എത്തിക്കുന്നതിനും ട്രൈബ്യൂണലുകൾ നടപടികൾ സ്വീകരിച്ചു വരുന്നു.

സ്വത്ത് സംബന്ധമായ കേസുകളിൽ ആധാരം റദ്ദ് ചെയ്യുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ മിക്കതും സിവിൽ കോടതികളിൽ കേസ് നിലവിലുള്ളവയായതിനാൽ ട്രൈബ്യൂണൽ നിയമ നടപടികൾ പരമാവധി വേഗത്തിൽ തീർപ്പാക്കി സ്വത്ത് സംബന്ധമായ വിഷയം സിവിൽ കോടതിയിൽ തീർപ്പ് കൽപ്പിക്കുന്നതിനായി വിടുന്നു. സ്വത്ത് കൈമാറ്റം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കേസ്സുകളിൽ എതിർകക്ഷികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ടി കേസ്സുകൾ തീർപ്പാക്കുന്നതുവരെ കാലതാമസം നേരിടുന്നതുമാണ്.

ജീവനാംശം, സംരക്ഷണം എന്നിവ ആവശ്യപ്പെട്ട് സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ വിചാരണ നടത്തി പരാതി പരിഹരിക്കുകയും തുടർന്ന് നിയമത്തിന്റെ പരിരക്ഷ ബന്ധപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോ എന്നും ട്രൈബ്യൂണലുകൾ നിരീക്ഷിച്ച് വരുന്നു. ഇത്തരം കേസുകളിൽ പരാതിക്കാരുടെ പ്രായം കണക്കിലെടുത്ത് കേസുകൾ വളരെ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിന് ട്രൈബ്യൂണലുകൾ പ്രത്യേക ശ്രദ്ധ ചെലുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച് മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് വരുന്നതായും പരാതികളിൽ മതിയായ അന്വേഷണം നടത്തിയും ഇരു കൂട്ടരുമായി സംസാരിച്ചും പരാതികൾ തീർപ്പാക്കി വരുന്നതായും കക്ഷികൾ വിദേശത്തുള്ള കേസുകളിലും ബഹു. ഹൈക്കോടതി നിർദ്ദേശം ഉള്ള കേസുകളിലും മാത്രമാണ് ചെറിയ തോതിലുള്ള കാലതാമസം ഉണ്ടാകുന്നതെന്നുമുള്ള വിവരം സമിതിയെ അറിയിക്കുന്നു.(സമിതിയുടെ **16.11.2021**-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരാകുകയും ചെയ്തു)

**<u>തുടർ ശിപാർശ</u>**

മുതിർന്ന പൗരന്മാർ ജീവനാംശം , സംരക്ഷണം എന്നിവ ആവശ്യപ്പെട്ട് സമർപ്പിക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്ന് സാമൂഹ്യനീതി വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

## അദ്ധ്യായം 3

## സമിതി ശിപാർശയ്ക്ക് സർക്കാർ മറുപടി ലഭ്യമാക്കാത്തതിനാൽ സമിതിയുടെ തുടർ ശിപാർശ.

### ശിപാർശ- 4

സർക്കാർ/സ്വകാര്യ ബസ്സുകളിൽ മുതിർന്ന പൗരന്മാർക്ക് 20 ശതമാനം സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പലപ്പോഴും അവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല എന്നാരോപിച്ച് നിരവധി പരാതികൾ സമിതിക്ക് ലഭിക്കുന്നുണ്ട്. സംവരണ സീറ്റിൽ യാത്ര ചെയ്യുന്ന യാത്രക്കാർ വയോജനങ്ങൾ ആവശ്യപ്പെട്ടാലും ഒഴിഞ്ഞു കൊടുക്കില്ല എന്നതാണ് സത്യം. ബസ്സ് കണ്ടക്ടറും ഇത്തരം തർക്കങ്ങളിൽ ഇടപെടാറില്ല. ഈ രീതി മാറണം. സംവരണ സീറ്റുകൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കേണ്ടത് കണ്ടക്ടറുടെ കൂടി ഉത്തരവാദിത്തമായി മാറണം. കൂടാതെ, സംവരണ സീറ്റിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന പിഴ 100/- രൂപയെന്നത് നിലവിലെ സാഹചര്യത്തിൽ വളരെ കുറവാണ്. ആയതിനാൽ പിഴ തുക 100/- രൂപയിൽ നിന്നും 500/- രൂപയായി ഉയർത്തണമെന്നും ഇത് ബസ്സുകളിൽ എഴുതി പ്രദർശിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### തുടർ ശിപാർശ

ശിപാർശ ഖണ്ഡിക 4 സംബന്ധിച്ച് വ്യക്തമായ മറുപടി ഗതാഗത വകുപ്പ് ലഭ്യമാക്കിയിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ശിപാർശ സംബന്ധിച്ച് വ്യക്തമായ മറുപടി രണ്ടു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം,
2025 മാർച്ച് 20

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,
ചെയർപേഴ്സൺ,
മുതിർന്ന പൗരന്മാരുടെ ക്ഷേമം
സംബന്ധിച്ച സമിതി